"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-2555/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 22-2-2017

# പരിപത്രം

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - 2017 അന്താരാഷ്ട്ര വനിതാ ദിനാചരണം - പരിപാടികൾ നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) 18-2-17-ല ഡയറക്ടറേറ്റിൽ കൂടിയ മീറ്റിംഗ് തീരുമാനം.
2) സാമൂഹ്യനീതി ഡയറക്ടറേറ്റിലെ PCL-12186/17 നമ്പർ സർക്കുലർ.

2017-ലെ അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് മാർച്ച് 1 മുതൽ 8 വരെയുള്ളള ദിവസങ്ങളിൽ വകുപ്പിലെ 5 ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയത് പ്രകാരം 2017 മാർച്ച് 1-ാം തീയതി ഐസിഡിഎസ്-ന്റെ ആഭിമുഖ്യത്തിൽ എല്ലാ ഐസിഡിഎസ്. ബ്ലോക്കുകളിലും, അർബൻ ഐസിഡിഎസ്. പ്രോജക്ടുകളിലും വനിതാ ദിനത്തിന്റെ വിളംബര ജാഥ, യോഗങ്ങൾ, ശിൽപ്പശാലകൾ കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കിറ്റ്/സ്ട്രീറ്റ്പ്ലേ/ഫ്ളാഷ് മോബ് എന്നിവയും സംഘടിപ്പിക്കേണ്ടതാണ്.

2017-ലെ വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് 1-ന്റെ പരിപാടികൾ ജില്ലാതല ഐസിഡിഎസ്. പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കേണ്ടത്. ടി പരിപാടിയുടെ മുന്നോടിയായി പ്രോഗ്രാം ഓഫീസർമാർ ജില്ലയിലെ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരുടേയും യോഗം വിളിച്ച് ചേർത്ത് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

മാർച്ച് 1-ന് ഐസിഡിഎസ്. ബ്ലോക്ക് തലത്തിൽ/അർബൻ ഐസിഡിഎസ്. തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര



PDF processed with CutePDF evaluation edition www.CutePDF.com

വനിതാദിനാചരണത്തോടനുബന്ധിച്ച് വിളംബരജാഥ സംഘടിപ്പിക്കേണ്ടതാണ്. ഇക്കൊല്ലത്തെ വനിതാ ദിനാചരണത്തിന്റെ സന്ദേശം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനുള്ള നിയമം (POSH)നെ അടിസ്ഥാനമാക്കിയുള്ള 'മാറുവിൻ സധൈര്യം' എന്നതാണ്. വിളംബരജാഥ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വിളംബരജാഥയ്ക്കുവേണ്ടി സന്ദേശമുൾക്കൊള്ളുന്ന ബാനർ, പ്ലക്കാർഡ് എന്നിവ തയ്യാറാക്കേണ്ടതാണ്.
2. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം/ഐസിഡിഎസ്. പ്രോജക്ട് കാര്യാലയം/ സൗകര്യപ്രദമായ പൊതുസ്ഥലം ഇവയിലേതെങ്കിലും കേന്ദ്രീകരിച്ച് ടി ജാഥ സംഘടിപ്പി ക്കേണ്ടതാണ്.
3. ജനപ്രതിനിധികൾ, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ, വനിതാക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, പ്രമുഖ വനിതാക്ഷേമ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, പരിപാടി സംഘടിപ്പിക്കുന്ന പഞ്ചായത്തിലെ/ സെക്ടറിലെ 10 അങ്കണവാടി പ്രവർത്തകർ, സ്ക്കൂൾ കൗൺസലർമാർ, അങ്കണവാടിയിലെ അഡോളസന്റ് ഗേൾസ് ക്ലബ് അംഗങ്ങൾ, ഐസിഡിഎസ്. ഉദ്യോഗസ്ഥർ, ഐസിഡിഎസ്-ന്റെ കുട്ടികൾ ഒഴിച്ചുള്ള ഗുണഭോക്താക്കൾ, റെസിഡൻസ് അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, യുവജന ക്ലബുകൾ, കോളേജ് വിദ്യാർത്ഥികൾ, പാരലൽ കോളേജ് വിദ്യാർത്ഥികൾ എന്നിവരെ പങ്കെടുപ്പക്കേണ്ടതാണ്.
4. മാർച്ച് 1-ന് രാവിലെ 10 മണിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം/ ഐസിഡിഎസ്. പ്രോജക്ട് ഓഫീസ് അങ്കണത്തിൽ നിന്നും ബാനർ, പ്ലക്കാർഡ് എന്നിവ വഹിച്ചു കൊണ്ടുള്ള ജാഥ, ഒരു കിലോമീറ്ററിന് ഉള്ളിലുള്ള ദൂരം സഞ്ചരിച്ച് പ്രാരംഭ പ്രദേശത്തോ സൗകര്യപ്രദമായ മറ്റൊരു കേന്ദ്രത്തിലോ അവസാനിപ്പി ക്കേണ്ടതും ടി സ്ഥലത്ത് യോഗം സംഘടിപ്പിക്കേണ്ടതുമാണ്.
5. വിളംബര ജാഥയോടനുബന്ധിച്ച് നടത്തുന്ന പൊതുയോഗത്തിൽ സ്ഥലം MLA, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ/ കോർപ്പറേഷൻ മേയർ/മുനിസിപ്പാലിറ്റിയിലെ ചെയർപേഴ്സൺ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ അംഗങ്ങൾ, ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യമുറപ്പാക്കേണ്ടതാണ്.

6. വിളംബര ജാഥയുടെ സമാപനത്തോടനുബന്ധിച്ച് സ്ത്രീ സുരക്ഷ, സ്ത്രികളുടെ ആരോഗ്യ പരിരക്ഷ, PWDV, നിർഭയ, POCSO, POSH എന്നിവയെ അടിസ്ഥാനമാക്കി ശിൽപ്പശാല സംഘടിപ്പിക്കേണ്ടതാണ്.
7. പ്രദേശത്തെ വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വനിതകളെ ഈ പരിപാടിയിൽ ആദരിക്കേണ്ടതാണ്.
8. രാവിലെ 11.30-ന് ജനശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിൽ പ്രദേശത്തെ മിക്സഡ് കോളേജിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കിറ്റ്/സ്ട്രീറ്റ് പ്ലേ/ഫ്ളാഷ് മോബ് എന്നിവ സംഘടിപ്പിക്കേണ്ടതാണ്. ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിലെ സ്ക്കൂൾ കൗൺസലർമാരുടെ ചുമതലയിലും മേൽ നോട്ടത്തിലുമായിരക്കണം ടി പരിപാടി സംഘടിപ്പിക്കേണ്ടത്. ജില്ലാതലത്തിലെ ആലോചനാ യോഗത്തിനു ശേഷം ശിശു വികസന പദ്ധതി ഓഫീസർമാർ അതത് ബ്ലോക്ക് പ്രദേശത്തെ സ്ക്കൂൾ കൗസലർമാരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് ആയത് സംബന്ധിച്ച് ചർച്ച ചെയ്ത് കൗസലർമാർക്ക് ചുമതല നൽകേണ്ടതാണ്. CHC,PHC എന്നീ സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തി പരാമാവധി ആരോഗ്യ പ്രവർത്തകരുടെ പങ്കാളിത്തം ഈ പരിപാടിയിൽ ഉറപ്പാക്കേണ്ടതാണ്.

ടി പരിപാടികൾക്കായി ഓരോ ജില്ലയിലേയും ഐസിഡിഎസ്. ബ്ലോക്ക്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശം മാത്രമുൾപ്പെടുന്ന അർബൻ പ്രോജക്ടുകൾ എന്നിവയ്ക്കായി 2,000/-രൂപാ വീതം വിനിയോഗിക്കുന്നതിനായി പ്രോഗ്രാം ഓഫീസർ മാർക്ക് അനുവദിക്കുന്നതാണ്(ടിതുകയിൽ 1,000/-രൂപ വീതം സാമൂഹ്യനീതി വകുപ്പിൽ നിന്നും, 1,000/- രൂപ NHM-ൽ നിന്നും അനുവദിക്കുന്നതാണ്). ജില്ലയിൽ ടി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് മുന്നോടിയായി വിളിച്ചു ചേർക്കുന്ന യോഗത്തിൽ ടി തുക ചെലവഴിക്കുന്നതു സംബന്ധിച്ച് തീരുമാനമെടു ക്കേണ്ടതും. ആയത് പ്രകാരം എല്ലാ ഐസിഡിഎസ്.ബ്ലോക്കുകൾക്കും അർബൻ പ്രോജക്ടുകൾക്കുമായി ടി തുക തുല്യമായി അനുവദിച്ചു നൽകേണ്ടതുമാണ്. ടി പരിപാടി സംബന്ധിച്ച് പ്രോഗ്രാം ഓഫീസർമാരും ശിശു വികസന പദ്ധതി ഓഫീസർമാരും വ്യാപകമായി പ്രചാരണം നൽകേണ്ടതാണ്. വകുപ്പിൽ നിന്നും അനുവദിച്ചുനൽകുന്ന തുകയ്ക്ക് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണം കൂടി ഉറപ്പാക്കി പരാമാവധി ജനപങ്കാളിത്തത്തോടെ മാർച്ച് 1-ന് വിളംബരജാഥയും അനുബന്ധപരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. ജില്ലയിലെ

എല്ലാ ഐസിഡിഎസ്. ഉദ്യോഗസ്ഥരും ടി പരിപാടിയിൽ പങ്കെടുക്കുന്നു എന്നുള്ളത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതും, ടി പരിപാടി സംഘടിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട് മാർച്ച് 10-ാം തീയതിയ്ക്ക് മുൻപ് പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

Aliyamma Vargese
സാമൂഹ്യനീതി ഡയറക്ടർ(ഇൻ ചാർജ്)

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

ജികെ/ 22-2-17